ഫ്രാൻസിനെ കീഴടക്കി. നെപ്പോളിയന്റെ സൈനിക—ഏകാധിപത്യത്തിനു വഴിയൊരുങ്ങുകയുംചെയ്തു.

ഫ്രാൻസിൽ നടന്നുകൊണ്ടിരിക്കെ ഫ്രഞ്ച് വിപ്ലവം ഇന്ത്യയിലുണ്ടാക്കിയ ഒരു പ്രതികരണം വിവരിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. റിപ്പോ (Ripaud) എന്നു പേരായ ഒരു ഫ്രഞ്ച് യുവാവ് 1791—ൽ ശ്രീരംഗപട്ടണത്തു ചെന്ന് ടിപ്പുസുൽത്താനെ കണ്ടു. ഒരു സ്വകാര്യഭടൻ (പ്രൈവറ്റിയർ) ആയിരുന്ന റിപ്പോ, താൻ മനസ്സിലാക്കിയ നിലയിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ സന്ദേശം ടിപ്പുവിനു നൽകി. ഉദ്യോഗസ്ഥമേധാവിത്തത്തിനും ജന്മിമാർക്കുമെതിരെ വിപ്ലവം ആരംഭിക്കാൻ കാലമായി എന്നായിരുന്നു ഈ സന്ദേശം. 'ക്ലബ് ജാക്കോബിൻ' എന്ന പേരിൽ ഒരു സംഘടന ശ്രീരംഗപട്ടണത്ത് ഇയാൾ സ്ഥാപിച്ചു. അവിടെയുള്ള ഫ്രഞ്ച് പട്ടാളക്കാരും പൗരന്മാരും ഫ്രഞ്ച് പതാകയെ വന്ദിക്കണമെന്ന് ആവശ്യപ്പെടുകയുംചെയ്തു. താൻ ധരിച്ച രൂപത്തിൽ മനുഷ്യാവകാശപ്രഖ്യാപനം ഇയാൾ ഒരു യോഗത്തിൽ വായിച്ചു. റിപ്പോ അഭ്യർത്ഥിച്ചതനുസരിച്ച് ശ്രീരംഗപട്ടണത്ത് ടിപ്പു ഒരു 'സ്വാതന്ത്ര്യവൃക്ഷം' നട്ടു. 'സിററിസൺ ടിപ്പു' എന്നായിരുന്നു റിപ്പോ ടിപ്പുവിനെ അഭിവാദ്യംചെയ്തത്. (ഡെക്കാൻ ഹെറാൾഡ്, 9 ജൂൺ 1989)

17 ജൂലൈ, 1989

# 35. ചരിത്രം അവസാനിക്കുന്നു?

അമേരിക്കൻ ഗവണ്മെൻറിന്റെ സ്റ്റേററ് ഡിപ്പാർട്ടുമെൻറിൽ നയരൂപീകരണത്തിനുള്ള വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായ ഫ്രാൻസിസ് ഫുകുയാമ ഷിക്കാഗോ സർവകലാശാലയിൽ പ്രസംഗമായി അവതരിപ്പിച്ചതും പിന്നീട് 'ദി നാഷണൽ ഇൻററസ്റ്റ്' എന്ന മാസികയിൽ പ്രസിദ്ധീകരിച്ചതുമായ 'ചരിത്രം അവസാനിക്കുന്നു?' (The End of History?) എന്ന പ്രബന്ധം അമേരിക്കയിലെ രാഷ്ട്രതന്ത്ര ചിന്തകർക്കിടയിൽ സാമാന്യത്തിലധികം താല്പര്യം ഉളവാക്കിയിട്ടുള്ളതായി കാണുന്നു.

പന്ത്രണ്ടു വർഷംകൊണ്ടു കൃഷിയും വ്യവസായവും നവീകരിച്ച് ഉല്പാദനം ഇരട്ടിയാക്കുക, ഭരണസംവിധാനത്തെ ജനാധിപത്യവല്കരിക്കുക, പാശ്ചാത്യ ജനാധിപത്യരാഷ്ട്രങ്ങളിലെ പൗരന്മാർ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും നൽകി ജനതയെ സാംസ്കാരികമായി സമുദ്ധരിക്കുക എന്നീ ലക്ഷ്യങ്ങൾ അടങ്ങുന്ന 'പെരസ്ത്രോയ്ക'യുടെ പൂർണരൂപം 1988 മെയ് മാസത്തിൽ സോവിയററ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സെൻട്രൽ കമ്മററി ആവിഷ്കരിക്കുകയുണ്ടായി. രണ്ടാം മഹായുദ്ധത്തിന്റെ അവസാനംമുതൽ ഒരു വശത്ത് സോവിയററ് യൂണിയനും മറുവശത്ത് അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ ജനാധിപത്യ രാഷ്ട്രങ്ങൾക്കും ഇടയിൽ നിലവിലിരുന്ന ശീതയുദ്ധവും അതിന്റെ സുപ്രധാന ഘടകമായ ആയുധപ്പന്തയവും ഇതോടെ അവസാനിക്കുകയും കമ്യൂണിസ്റ്റ് ജനാധിപത്യചേരികൾ തമ്മിൽ ഫലപ്രദമായ സഹകരണത്തിനുള്ള പ്രതിബന്ധങ്ങൾ നീങ്ങുകയും ചെയ്തു എന്ന് ലോകത്തിലെങ്ങുമുള്ള രാഷ്ട്രതന്ത്രചിന്തകർ പൊതുവെ അംഗീകരിച്ചിട്ടുണ്ട്.

പെരസ്ത്രോയ്കയെ രാഷ്ട്രലക്ഷ്യമായി സോവിയററ് യൂണിയൻ പ്രഖ്യാപിച്ചതിന്റെ അർത്ഥം ഇത്രമാത്രമല്ലെന്നും പാശ്ചാത്യമായ ഉദാരജനാധിപത്യവും (ലിബറൽ ഡെമോക്രസി) ഉദാരധനശാസ്ത്രവും (ലിബറൽ ഇക്കണോമിക്സ്) അവയ്ക്കെതിരായ സിദ്ധാന്തങ്ങളുടെമേൽ അവസാനത്തേതായ വിജയംനേടിക്ക

ഴിഞ്ഞു എന്നാണ് ഈ സംഭവം വിളംബരപ്പെടുത്തുന്നതെന്നും ഫുക്കയാമ കരുതുന്നു. അദ്ദേഹം എഴുതുന്നു:

'ആദർശസംഹിതയുമായി ബന്ധപ്പെട്ട അക്രമത്തിന്റെ ഉറഞ്ഞുതുള്ളലിലേക്ക വികസിതലോകം നിപതിച്ചതായി ഇരുപതാം നൂററാണ്ട് കണ്ടു. ആദ്യം ഏകാധിപത്യത്തിന്റെ അവശിഷ്ടങ്ങളോടും പിന്നെ ബോൾഷേവിസത്തോടും ഫാഷിസത്തോടും അവസാനമായി അണുയുദ്ധത്തിന്റെ ആത്യന്തിക പ്രളയാഗ്നിയിലേക്ക നയിക്കമെന്ന ഭീഷണിപ്പെടുത്തിയ സമകാലികീകൃത (അപ്ഡേററഡ്) മാർക്സിസത്തോടും ഉദാരവാദത്തിന് (ലിബറലിസം) മൽപ്പിടുത്തം നടത്തേണ്ടിവന്നു. എന്നാൽ, പാശ്ചാത്യമായ ഉദാര ജനാധിപത്യത്തിന്റെ പാര്യന്തികവിജയത്തിൽ നിറഞ്ഞ ആത്മവിശ്വാസത്തോടെ ആരംഭിച്ച ഈ നൂററാണ്ട് അതിന്റെ അവസാനത്തിൽ ഒരു ഭ്രമണം പൂർത്തിയാക്കി പുറപ്പെട്ടിടത്തുതന്നെ മടങ്ങിയെത്തുകയാണെന്ന തോന്നുന്നു. മുമ്പു പ്രവചിച്ചിരുന്നതുപോലെ ആദർശസംഹിത(ഐഡിയോളജി)യുടെ പര്യവസാനമോ മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും വിലയനമോ (കൺവേർജൻസ്) അല്ല, സാമ്പത്തികവും രാഷ്ട്രതന്ത്രപരവുമായ ഉദാരവാദത്തിന്റെ നിസ്സങ്കോചമായ വിജയമാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്.'

പാശ്ചാത്യമായ ഉദാരവാദത്തിനു നിർദേശിക്കപ്പെട്ടിരുന്ന എല്ലാ സിദ്ധാന്തവികല്പങ്ങളും പരിപൂർണമായ പരാജയമടഞ്ഞിരിക്കുകയാണെന്ന് ഫുക്കയാമ പ്രസ്താവിക്കുന്നു. ലോകത്തിലെ രണ്ടു വലിയ കമ്യൂണിസ്റ്റു രാഷ്ട്രങ്ങളിൽ— ചൈനയിലും റഷ്യയിലും—ബുദ്ധിപരമായ കാലാവസ്ഥയിൽ തെററിദ്ധരിക്കാനാവാത്ത മാററങ്ങൾ ഇക്കഴിഞ്ഞ പത്തു് ആണ്ടുകളിൽ സംഭവിച്ചിരിക്കുന്നു. അർത്ഥഗർഭങ്ങളായ പരിഷ്കാരപ്രസ്ഥാനങ്ങൾ രണ്ടിടത്തും ഉടലെടുത്തിരിക്കുന്നു. ഈ മാററങ്ങൾ രാഷ്ട്രീയരംഗത്തു മാത്രമായി ഒതുങ്ങിനിൽക്കുന്നില്ല. ഉപഭോഗാത്മകമായ (കൺസ്യൂമറിസ്റ്റ്) പാശ്ചാത്യ സംസ്കാരത്തിന്റെ ഒഴിഞ്ഞുമാറാനാകാത്ത വ്യാപനം ഈ രണ്ടു രാജ്യങ്ങളിലും സാർവത്രികമായിക്കഴിഞ്ഞിരിക്കുന്നു.

ഫുക്കയാമ എഴുതുന്നു:

'ശീതയുദ്ധത്തിന്റെ അവസാനമോ മഹായുദ്ധാനന്തര ചരിത്രത്തിലെ ഒരു പ്രത്യേക ഘട്ടത്തിന്റെ വിടവാങ്ങലോ മാത്രമല്ല നാം കാണുന്നത്. ഇതു ചരിത്രത്തിന്റെതന്നെ അവസാനമാണ്. അതായതു്, മനുഷ്യവർഗത്തിന്റെ ആദർശസംഹിതാപരമായ പരിണാമത്തിന്റെ (ഐഡിയോളജിക്കൽ എവൊല്യൂഷൻ) അന്തിമബിന്ദു. മനുഷ്യരുടെ ഭരണസംവിധാനത്തിന്റെ അവസാനരൂപം എന്ന നിലയിൽ പാശ്ചാത്യമായ ഉദാരജനാധിപത്യം സാർവലൗകികമായിത്തീർന്നിരിക്കുന്നു. ഇതിനർത്ഥം, ഇനിയങ്ങോട്ട് അന്താരാഷ്ട്രീയ ബന്ധങ്ങളുടെ സംക്ഷിപ്തവിവരണം ആണ്ടുതോറും തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടി വരികയില്ല എന്നല്ല. കാരണം, ഉദാരവാദത്തിന്റെ വിജയം സംഭവിച്ചിട്ടുള്ളതു്, പ്രാഥമികമായി ആശയങ്ങളുടെ അഥവാ ബോധത്തിന്റെ തലത്തിലാണ്. യഥാർത്ഥ ഭൗതികലോകത്തിൽ ഈ വിജയം ഇനിയും പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. എന്നാൽ, ദീർഘകാലാടിസ്ഥാനത്തിൽ ഭൗതികലോകത്തെ ഭരിക്കുക ആശയലോകമാണെന്നു വിശ്വസിക്കുവാൻ ശക്തിയേറിയ കാരണങ്ങളുണ്ട്.'

ആദി—മദ്ധ്യാന്തങ്ങളുള്ള ഒരു ദ്വന്ദ്വാത്മക പ്രക്രിയയായി ചരിത്രത്തെ ആദ്യം സങ്കല്പിച്ചതു് ഹേഗൽ എന്ന ജർമൻ ദാർശനികനായിരുന്നു. ചരിത്രപരവും സാമൂഹ്യവുമായ മൂർത്ത സാഹചര്യങ്ങളുടെ സൃഷ്ടിയാണ് മനുഷ്യനെന്നും സയൻസും സാങ്കേതികവിദ്യയും ഉപയോഗിച്ച് മനുഷ്യൻ പ്രാകൃതിക സാഹചര്യങ്ങൾക്ക മീതെ വിജയം നേടി അവയെ മാററിത്തീർക്കുമെന്നും ഹേഗൽ കരുതി. പാര്യന്തികവും യുക്തിബദ്ധവുമായ ഒരു സമൂഹവും ഭരണകൂടവും വിജയം കൈവരിക്കുന്ന ഒരു കേവലനിമിഷത്തിൽ ചരിത്രം പര്യവസാനിക്കുമെന്ന വിശ്വാസവും ഹേഗലിന് ഉണ്ടായിരുന്നു. ക്രിസ്തുവർഷം 1806–ൽ യേന (Jena) എന്ന സ്ഥല

ളു നടന്ന യുദ്ധത്തിൽ പ്രഷ്യൻ രാജഭരണത്തെ നെപ്പോളിയൻ തോൽപ്പിച്ചപ്പോൾ ഫ്രഞ്ച് വിപ്ളവത്തിന്റെ സ്വാതന്ത്ര്യ-സമത്വ ആദർശങ്ങൾ എന്നന്നേക്കമായി വിജയം കൈവരിച്ചതായും ഈ ആദർശങ്ങൾക്ക മൂർത്തരൂപം നൽകുന്ന ഭരണകൂടം സാർവത്രികമാകാൻ പോകുന്നതായും ഹേഗൽ പ്രഖ്യാപിച്ചു.

ചരിത്രത്തെ മുന്നോട്ട നയിക്കുന്ന വൈരുദ്ധ്യങ്ങൾ ആദ്യം നിലവിൽ വരുന്നതു് മനുഷ്യബോധത്തിൽ ആശയങ്ങളുടെ തലത്തിൽ ആണെന്നായിരുന്നു ഹേഗലിന്റെ സിദ്ധാന്തം. ആശയസംഹിത (ഐഡിയോളജി) എന്ന പേരിൽ അറിയപ്പെടുന്ന വിശാലവും ഏകീകൃതവുമായ ലോകവീക്ഷണത്തെയാണ് 'ആശയങ്ങൾ' എന്നതുകൊണ്ട് ഹേഗൽ വിവക്ഷിച്ചതു്. ഈ അർത്ഥത്തിൽ മതനിരപേക്ഷങ്ങളും വ്യക്തങ്ങളുമായ രാഷ്ട്രീയസിദ്ധാന്തങ്ങൾ മാത്രമല്ല മതം, സംസ്കാരം, സമൂഹത്തിന്റെ നൈതികമൂല്യങ്ങൾ മുതലായവയും ആശയസംഹിതയിൽ അടങ്ങുന്നു. ആശയസംഹിതയും ഭൗതികലോകവും തമ്മിലുള്ള ബന്ധത്തെ അത്യന്തം സങ്കീർണമായ ഒന്നായാണ് ഹേഗൽ കരുതിയതു്.

ഭൗതികലോകത്തിൽ മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും തന്മൂലം മനുഷ്യചരിത്രം ആകെയും അതിനുമുമ്പ നിലവിലുള്ള ആശയസംഹിതയെ അഥവാ ബോധമണ്ഡലത്തെ ആശ്രയിച്ചിരിക്കുന്നു എന്നും യഥാർത്ഥത്തിൽ ഈ ബോധമണ്ഡലത്തിനും ഭൗതികപ്രപഞ്ചത്തിനും തമ്മിലുള്ള വ്യത്യാസം പ്രാതിഭാസികം മാത്രമാണെന്നും ഹേഗൽ വിശ്വസിച്ചു. ബോധമണ്ഡലം കാലക്രമത്തിൽ ഭൗതികലോകത്തെ സ്വന്തം രൂപത്തിൽ സൃഷ്ടിക്കുന്നു. ബോധമണ്ഡലം ഭൗതികലോകത്തെ ആശ്രയിക്കുന്നില്ല. മറിച്ച് ഭൗതികലോകം ബോധമണ്ഡലത്തെ ആശ്രയിക്കുന്നു. ഹേഗലിന്റെ ഈ ധാരണയ്ക്കു നേരേ എതിരായിരുന്നു മാർക്സിന്റെ ധാരണ. മതം, കല, സംസ്കാരം, ദർശനം മുതലായവ അടങ്ങിയ ബോധമണ്ഡലം ഒരു ഉപരിസംരചന മാത്രമാണെന്നും അതിന്റെ അടിത്തറ നിലവിലുള്ള ഭൗതികങ്ങളായ ഉൽപാദനബന്ധങ്ങളാണെന്നുമുള്ള മാർക്സിയൻ സിദ്ധാന്തം സുപരിചിതമാണല്ലോ. എന്നാൽ, ഭൗതികങ്ങളായ ഉൽപാദനബന്ധങ്ങളും ഉപരിസംരചനയാണെന്നും അവയുടെ അടിത്തറ മതം, സംസ്കാരം മുതലായവ ഉൾക്കൊണ്ട ബോധമണ്ഡലം (ആശയസംഹിത) ആണെന്നും മാക്സ് വേബറെപ്പോലെയുള്ള സാമൂഹ്യശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പ്രാഥമ്യം ബോധമണ്ഡലത്തിനോ ഭൗതികസാഹചര്യങ്ങൾക്കോ എന്ന തർക്കത്തിനു് അന്തിമമായ ഒരു പരിഹാരം ഉണ്ടാവുക പ്രയാസമാണ്. എങ്കിലും, ആദ്യമായി ജനകീയ ചൈനയിലും പിന്നീട് സോവിയററ് യൂനിയനിലും പ്രത്യക്ഷപ്പെട്ട സാമ്പത്തിക-രാഷ്ട്രീയ-പരിഷ്കരണപ്രസ്ഥാനങ്ങളുടെ മുന്നോടിയായി വർത്തിച്ചതു് ഈ രാജ്യങ്ങളിലെ ഭരണാധികാരിവർഗങ്ങളുടെ ബോധമണ്ഡലത്തിൽ വന്നുചേർന്ന മാററമാണെന്ന് ഫുക്കുയാമ പ്രസ്താവിക്കുന്നു.

ഈ നൂററാണ്ടിൽ ഉദാരവാദ (ലിബറലിസ)ത്തിനു ഗണ്യമായ രണ്ടു വെല്ലുവിളികൾ നേരിടേണ്ടിവന്നു—ഫാഷിസത്തിന്റെയും കമ്യൂണിസത്തിന്റെയും. രണ്ടാം മഹായുദ്ധത്തോടെ സജീവമായ ഒരു ആശയസംഹിത എന്ന നില ഫാഷിസത്തിനു നഷ്ടപ്പെട്ടു. ഫാഷിസം പരാജയപ്പെട്ടതു ഭൗതികതലത്തിൽ മാത്രമായിരുന്നില്ല; ആശയതലത്തിൽ കൂടിയായിരുന്നു. ഫാഷിസത്തോട ജനകീയമായ വെറുപ്പ സാർവത്രികമായിരുന്നതുകൊണ്ടല്ലേ, മറിച്ച് യുദ്ധത്തിൽ തോററുപോയതുകൊണ്ടാണ് ഫാഷിസം നശിച്ചതു്. ആക്രാമകമായ ഉഗ്രദേശീയവാദത്തിന്റെ—ഇതാണല്ലോ ഫാഷിസം—ഫലം അവസാനിക്കാത്ത സംഘർഷവും സർവനാശകമായ സൈനികപരാജയവും ആണെന്ന് പരക്കെ ബോദ്ധ്യം വന്നതിനാലാണ രണ്ടാം മഹായുദ്ധത്തിനുശേഷം ഒരു രാജ്യത്തും ഫാഷിസം വേരുപിടിച്ചുവളരാതിരുന്നതു്. സൈനികപരാജയം ഫാഷിസത്തെ ആശയതലത്തിലും ഭൗതികതലത്തിലും നശിപ്പിച്ചു.

ഉദാരവാദത്തിനെതിരെ ഫാഷിസം ഉയർത്തിയ വെല്ലുവിളിയെക്കാൾ ഗൗരവാവഹമായിരുന്നു കമ്യൂണിസം ഉയർത്തിയ വെല്ലുവിളി. മൂലധനത്തിനും

തൊഴിലിനും തമ്മിലുള്ള വൈരുദ്ധ്യം ഉദാരസമൂഹത്തിൽ (ലിബറൽ സൊസൈററി) അന്തർനിഹിതമാണെന്നും ഈ വൈരുദ്ധ്യത്തിൻ ഫലമായി ഉദാരസമൂഹം തകരുമെന്നും മാർക്സ് പ്രവചിച്ചിട്ടുണ്ടല്ലോ. എന്നാൽ, വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം എന്ന പ്രശ്നം പാശ്ചാത്യമായ ഉദാരസമൂഹത്തിനകത്തു പരിഹരിക്കപ്പെട്ടിരിക്കുന്നതായി ഫുക്കുയാമ കരുതുന്നു. ആധുനിക അമേരിക്കൻ സമൂഹത്തിലെ സമത്വത്തിൽ പ്രതിഫലിക്കുന്നതു്, മാർക്സ് സ്വപ്നം കണ്ട വർഗരഹിതസമൂഹമെന്ന ലക്ഷ്യം അവിടെ ഏറെക്കുറെ കൈവന്നിരിക്കുന്നു എന്ന വസ്തുതയാണു്. അമേരിക്കയിൽ ധനികരും ദരിദ്രരുമില്ലെന്നോ, അവർക്കിടയിലുള്ള അന്തരം അടുത്തകാലത്തു വർദ്ധിച്ചിട്ടില്ലെന്നോ ഇതിനു് അർത്ഥമില്ല. എന്നാൽ, അമേരിക്കൻ സമൂഹസംരചനയ്ക്കു് ആധാരമായ നിയമപരവും സാമൂഹികവുമായ തത്ത്വങ്ങളിൽ സാമ്പത്തികമായ അസമത്വത്തിന്റെ കാരണങ്ങൾ നിഹിതങ്ങളല്ല. ഈ തത്ത്വങ്ങൾ അടിസ്ഥാനപരമായി സമത്വോന്മുഖങ്ങളും കുറെയൊക്കെ സമ്പത്തിന്റെ പുനർവിതരണത്തിനു് ഉതകുന്നവയുമത്രെ. അമേരിക്കയിലെ കറുത്ത വർഗക്കാരുടെ ദാരിദ്ര്യം ഉദാരവാദത്തിന്റെ അന്തർനിഹിതഫലമല്ല; അടിമത്തം അവസാനിപ്പിച്ചതിനുശേഷവും നിലനിന്നുവരുന്ന അടിമത്ത–വർണഭേദ–പൈതൃകം മാത്രമാകുന്നു.

വർഗസമരം എന്ന പ്രശ്നം പ്രധാനമല്ലാതായതിനെത്തുടർന്നു വികസിത രാഷ്ട്രങ്ങളിൽ കമ്യൂണിസത്തിന്റെ ആകർഷണം ഒന്നാം മഹായുദ്ധത്തിനുശേഷം എന്നത്തേക്കാളുമധികം ഇന്നു ദുർബലമായിട്ടുണ്ടു്. പശ്ചിമ യൂറോപ്യൻ രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികൾക്കു വോട്ടർമാർക്കിടയിൽ എത്ര കുറച്ചു സ്വാധീനമേ ഉള്ളൂ എന്നതിൽനിന്നും ഈ പാർട്ടികളുടെ പരിപാടികളിൽ വന്നു ചേർന്നിട്ടുള്ള തിരുത്തൽവാദപരങ്ങളായ മാററങ്ങളിൽനിന്നും ബ്രിട്ടൻ, പടിഞ്ഞാറെ ജർമനി, അമേരിക്ക, ജപ്പാൻ എന്നീ രാഷ്ട്രങ്ങളിൽ യാഥാസ്ഥിതികപാർട്ടികൾക്കു തുടർച്ചയായി ലഭിച്ചുവരുന്ന വിജയത്തിൽനിന്നും ബൂർഷ്വാസമൂഹത്തെ അട്ടിമറിക്കേണ്ടതില്ലെന്ന വിശ്വാസം വികസിതരാഷ്ട്രങ്ങളിലെ ബുദ്ധിജീവിവർഗത്തിൽ വേരുറച്ചുകഴിഞ്ഞിട്ടുള്ളതിൽനിന്നും ഈ സ്വാധീനക്കുറവു മനസ്സിലാക്കാവുന്നതാണു്. വികസിതരാഷ്ട്രങ്ങളിൽ ഭാവി സോഷ്യലിസത്തിന്റേതാണെന്നു് ഇന്നും വാദിക്കുന്നവർ ഒന്നുകിൽ കിഴവന്മാരാണു്, അല്ലെങ്കിൽ രാഷ്ട്രീയവൃത്തങ്ങളിൽ തീരെ അപ്രസക്തരും.

കമ്യൂണിസത്തിന്റെ ആകർഷണം നഷ്ടപ്പെട്ടിട്ടുള്ളതു വികസിതരാഷ്ട്രങ്ങളിൽ മാത്രമല്ല. യഥാർത്ഥത്തിൽ കമ്യൂണിസത്തിനു് ഏററവുമധികം വിലയിടിവു സംഭവിച്ചിട്ടുള്ളതു് ഏഷ്യൻ രാഷ്ട്രങ്ങളിലാണെന്നു് ഫുക്കുയാമ പറയുന്നു. ഇരുപതാം നൂററാണ്ടിന്റെ ആദ്യ വർഷങ്ങളിൽ പാശ്ചാത്യങ്ങളായ പലതരം ആശയസംഹിതകളുടെ സമരരംഗമായിത്തീർന്നു ഏഷ്യ. ഒന്നാം മഹായുദ്ധത്തിനുശേഷം ഉദാരവാദം ഏഷ്യയിൽ അത്യന്തം ദുർബലമായിരുന്നു. കമ്യൂണിസത്തിനു കീഴടങ്ങാൻ പോവുകയാണു് ഏഷ്യ എന്നു പത്തു പതിനഞ്ചു വർഷം മുമ്പുവരെ തോന്നിയിരുന്നു.

ഏഷ്യയിൽ ഉദാരവാദത്തിനു് എതിരായ ആശയസംഹിതകളിൽ ആദ്യം പരാജയമടഞ്ഞതു് ജാപ്പനീസ് ഫാഷിസം ആയിരുന്നു. യുദ്ധം ജയിച്ച അമേരിക്ക ജപ്പാന്റെമേൽ ഉദാരവാദം വെച്ചുകെട്ടി. പക്ഷേ, പാശ്ചാത്യമായ മുതലാളിത്തത്തെയും രാഷ്ട്രീയ–ഉദാരവാദത്തെയും ജപ്പാൻ തിരിച്ചറിയാനാവാത്തവിധം രൂപാന്തരപ്പെടുത്തി. സാമ്പത്തികവും രാഷ്ട്രീയവുമായ ഉദാരവാദം ജാപ്പനീസ് പാരമ്പര്യങ്ങളുമായി ഒട്ടിച്ചേർന്നിരുന്നു. അവ അവിടെ ദീർഘകാലം നിലനിൽക്കുമെന്നു കരുതാം. അതിനെക്കാൾ പ്രധാനം, അമേരിക്കയെ അനുകരിച്ചു് ജപ്പാൻ ഒരു സാർവലൗകിക–ഉപഭോഗ–സംസ്കാരം കെട്ടിപ്പടുത്തിരിക്കുന്നു എന്നതാണു്. ഭാവിയിൽ ലോകത്തിലാകെ നിലവിൽ വരാൻപോകുന്ന ഏകരൂപമായ ഭരണസംവിധാനത്തിന്റെ (യൂനിവേഴ്സൽ ഹോമോജീനിയസ് ഗവൺമെൻറ്) അടിച്ചട്ടം ഈ ഉപഭോഗസംസ്കാരമാകുന്നു. ഏഷ്യയിൽ ജപ്പാൻ

നിലവിൽവരുത്തിയ ഉപഭോഗസംസ്കാരതൃഷ്ണ രാഷ്ട്രീയവും സാമ്പത്തികവുമായ ഉദാരവാദത്തെ അവിടെ വളരെയധികം പുരോഗമിപ്പിച്ചിട്ടുണ്ട്. ജപ്പാനെ അനുകരിച്ച് ഏഷ്യയിലെ നവ വ്യവസായവൽകൃതരാഷ്ട്രങ്ങൾ (തൈവാൻ, തെക്കൻ കൊറിയ, സിംഗപ്പൂർ)നേടിയ സാമ്പത്തികവിജയം ഇന്നൊരു പഴങ്കഥയായിരിക്കുന്നു. സാമ്പത്തിക ഉദാരവാദത്തിന്റെ പിന്നാലെ, അനിവാര്യമെന്ന നിലയിൽ രാഷ്ട്രീയ ഉദാരവാദവും ഇവിടങ്ങളിൽ വേരുറച്ചിരിക്കുന്നു എന്നതാണ് ശ്രദ്ധിക്കേണ്ട കാര്യം. നീണ്ട കാലം സൈനിക ഏകാധിപത്യത്തിൽ പുലർന്നുവന്ന സോഷ്യലിസ്റ്റ് ബർമയിൽ കഴിഞ്ഞ ആണ്ടിൽ ജനാധിപത്യത്തിനുവേണ്ടി നടന്ന പ്രക്ഷോഭം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

ഏഷ്യയിലെ ഏറ്റവും വലിയ രാഷ്ട്രമായ ചൈനയിൽ കമ്യൂണിസത്തിന്റെ നിലനില്പ് ലോക ഉദാരവാദത്തിന് തീർച്ചയായും ഒരു വെല്ലുവിളിയായിരുന്നു. എന്നാൽ, കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ ഒരു സാമ്പത്തിക വ്യവസ്ഥിതി എന്ന നിലയിൽ മാർക്സിസം–ലെനിനിസം ചൈനയിൽ ഏറെക്കുറെ പൂർണമായും അവഹേളിക്കപ്പെട്ടിരിക്കുന്നു. 1978–ൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി എൺപതു കോടി കർഷകരെ കമ്യൂണുകളിൽനിന്നു മോചിപ്പിക്കാൻ തുടങ്ങി. കൃഷിയിൽ ഒരു നികുതിപിരിവുകാരന്റെ പങ്കു മാത്രമേ ഇപ്പോൾ ചൈനീസ് സർക്കാരിനുള്ളു എന്ന് ഫുകുയാമ പറയുന്നു. ജനങ്ങൾക്ക് വേല ചെയ്യാൻ പ്രേരണ നൽകുന്നതിനായി ഉപഭോഗസാധനങ്ങളുടെ നിർമാണം ചൈന വർദ്ധിപ്പിച്ചു. ഈ പരിഷ്കാരത്തെത്തുടർന്ന് അഞ്ചു വർഷങ്ങളിൽ ചൈനയിലെ ധാന്യോൽപാദനം ഇരട്ടിയായി. ഈ വിജയത്തിൽ ഊന്നിനിന്നാണ് ഡെങ് സ്യാവോ പിങ് സമ്പദ്‌വ്യവസ്ഥയുടെ മറ്റു മേഖലകളിൽ പരിഷ്കാരം ഏർപ്പെടുത്തിയത്.

ചൈന ഇപ്പോഴും ഒരു ഉദാര–ജനാധിപത്യ രാഷ്ട്രം ആയിട്ടില്ലെന്നതു ശരിതന്നെ. ചൈനീസ് സമ്പദ്‌വ്യവസ്ഥയുടെ ഇരുപതു ശതമാനം മാത്രമേ ഇപ്പോൾ വിപണി വ്യവസ്ഥയ്ക്കു (മാർക്കറ്റ് മെക്കാനിസം)കീഴിൽ കൊണ്ടുവരപ്പെട്ടിട്ടുള്ളു. മാത്രമല്ല, ചൈന ഭരിക്കുന്ന സ്വയം നിയുക്തമായ കമ്യൂണിസ്റ്റ് പാർട്ടി അധികാരം വിട്ടൊഴിയാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുമില്ല. ഗോർബച്ചേവ് ചെയ്ത മാതിരി, ജനാധിപത്യം പുനഃസ്ഥാപിക്കാമെന്ന വാഗ്ദാനമൊന്നും ഡെങ് സ്യാവോ പിങ് നൽകിയിട്ടില്ല. ചൈനീസ് കമ്യൂണിസ്റ്റ് നേതാക്കൾ മാവോവിനെ വിമർശിക്കുന്നത് വളരെ സൂക്ഷിച്ചു മാത്രമാണ്. എന്നാൽ, നയരൂപവൽക്കരണത്തിൽ മാർഗദർശകം എന്ന നിലയിൽ മാർക്സിസം ചൈനയിൽ അപ്രസക്തമായിക്കഴിഞ്ഞിരിക്കുന്നു എന്ന്, ഇപ്പോൾ ചൈന ഭരിക്കുന്ന സാങ്കേതിക–ഭരണകർത്താക്കളുടെ (ടെക്നോക്രാറ്റ്) പെരുമാറ്റം സൂക്ഷിച്ചുനോക്കിയാൽ അറിയാം. വിപ്ളവത്തിനുശേഷം ആദ്യമായി ചൈനയിൽ ഉപഭോഗസംസ്കാരം (കൺസ്യൂമറിസം) പ്രസക്തി നേടിയിരിക്കുന്നു. മാർക്സിസ്റ്റ് ഭരണവ്യവസ്ഥയിൽനിന്ന് സാർവലൗകിക–ഏകരൂപ–ഭരണവ്യവസ്ഥയിലേക്ക് (ഉദാര ജനാധിപത്യത്തിലേക്ക്) ഉള്ള പ്രയാസമേറിയ പരിവർത്തനത്തിൽ ആവശ്യമായ നീക്കുപോക്കുകൾ മാത്രമാണ് ചൈനയിൽ രാഷ്ട്രീയ എതിർപ്പുകൾക്കെതിരെ നടത്തുന്ന അടിച്ചമർത്തലുകൾ. സാമ്പത്തികപരിഷ്കരണം നടപ്പിൽവരുത്തുന്നതിനിടയ്ക്ക് രാഷ്ട്രീയപരിഷ്കരണം നീട്ടിവെച്ചതുവഴി, സർക്കാർ തീരെ തകർന്നുപോകാതെ നോക്കുകയാണ് ഡെങ് സ്യാവോ പിങ് ചെയ്യുന്നത്. എന്നാൽ, ചൈനീസ് സമ്പദ്‌വ്യവസ്ഥിതിക്ക് പുറംലോകവുമായി ബന്ധം കൂടിവരുന്ന തോതിന് ചൈനയിൽ ഉദാരവാദത്തിന് സ്വാധീനം ഏറിവരാതിരിക്കയില്ല. ഇരുപതിനായിരത്തിലേറെ ചൈനീസ് വിദ്യാർത്ഥികൾ ഇപ്പോൾ അമേരിക്കയിലും യൂറോപ്യൻ രാഷ്ട്രങ്ങളിലും പഠിക്കുന്നുണ്ട്. ഇവർ മടങ്ങിവന്ന് ഭരണച്ചുമതല ഏറ്റെടുക്കുമ്പോൾ ഏഷ്യയിൽ ജനാധിപത്യമില്ലാത്ത ഏക രാഷ്ട്രമായി ചൈനയ്ക്കു നിലനിൽക്കാനാവുമോ? ജനാധിപത്യത്തിനുവേണ്ടി

ചൈനയിൽ ഉണ്ടാവാനിടയുള്ള സമ്മർദ്ദത്തിൻെറ സൂചനയാണ് ഈയിടെ അവി ടെയുണ്ടായ അടിച്ചമർത്തപ്പെട്ട വിദ്യാർത്ഥി കലാപം.

ചൈനയിലെ ഇന്നത്തെ ഭരണവ്യവസ്ഥ ഏതു രീതിയിലുള്ളതാണെന്നതി നെക്കാറം പ്രസക്തം, പല ഏഷ്യൻ രാഷ്ട്രങ്ങളിലെ ഒളിപ്പോരാളികളും പാരീ സിലെ ഇടത്തരം വിദ്യാർത്ഥികളും അടക്കമുള്ള മാർക്സിസ്റ്റ് കലാപകാരികഠക്ക് ആവേശം പകരുന്ന ദീപസ്തംഭം എന്ന നില ചൈനയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നു എന്ന താണ്. ഏഷ്യയുടെ ഭാവി എന്ന പദവി നഷ്ടപ്പെട്ട മാവോയിസം ഒരു കാല ഗണനാപ്രമാദമായിത്തീർന്നിരിക്കുന്നു, തൈവാൻെറ ഉപഭോഗ സംസ്കാരം വൻ കരയിലെ ചൈനയെ കീഴടക്കിയിരിക്കുന്നു.

ഉദാരജനാധിപത്യത്തിന് ഒരു ബദൽ എന്ന നില മാർക്സിസത്തിനു നഷ്ടപ്പെടുന്നതിനു കാരണമായിട്ടുള്ളത് ചൈനയിലേക്കാളേറെ, സോവിയററ് യൂനിയനിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളാണ്. സോവിയററ് യൂനിയനിലെ സ്ഥാപനങ്ങളിൽ വലിയ മാററങ്ങളൊന്നും ഇനിയും വന്നിട്ടില്ലെ ന്നതു ശരിതന്നെ. സ്വതന്ത്ര വിപണികളും സഹകരണ പ്രസ്ഥാനവും സോവി യററ് സമ്പദ്‌വ്യവസ്ഥയുടെ ഒരു ചെറിയ ഭാഗം മാത്രമേ ആകുന്നുള്ളു. ഇപ്പോഴും സോവിയററ് സമ്പദ്‌വ്യവസ്ഥ കേന്ദ്ര—ആസൂത്രണത്തിനു വിധേയമാണ്. കമ്യൂ ണിസ്റ്റ് പാർട്ടിയാണ് സോവിയററ് യൂനിയനിൽ രാഷ്ട്രീയാധികാരം കൈയാ ളുന്നത്. പാർട്ടിക്കകത്തു ജനാധിപത്യം അല്പാല്പമായി സ്ഥാപിക്കപ്പെട്ടുവരുന്ന തേയുള്ളു. മാർക്സിസം—ലെനിനിസമാണ് സോവിയററ് ഭരണകൂടത്തിൻെറ ഔദ്യോഗിക—ആശയസംഹിത. മാത്രമല്ല, ഗോർബച്ചേവിൻെറ സാമ്പത്തിക— രാഷ്ട്രീയ—പരിഷ്കരണവാദത്തിനു ശക്തിയായ എതിർപ്പ് യാഥാസ്ഥിതിക രിൽനിന്ന് ഉണ്ടാവുന്നുമുണ്ട്. എന്നാൽ, ഗംഭീരങ്ങളായ പരിവർത്തനങ്ങഠ സോവിയററ് സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങഠക്കു പൊതുവെ മാർക്സിസം—ലെനിനിസത്തിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. സ്റ്റാലിനിസത്തിൻെറ അടിസ്ഥാനതത്ത്വങ്ങളും സ്ഥാപനങ്ങളും നാലു വർഷങ്ങ ളായി ആക്രമണത്തിനു വിധേയങ്ങളായിക്കൊണ്ടിരിക്കുകയാണ്. അവ സ്ഥാന ഭ്രഷ്ടങ്ങളായിക്കഴിഞ്ഞാൽ, അവയ്ക്കു പകരം വയ്ക്കാൻ ഉദാരവാദവും ഉദാരജനാധി പത്യവും മാത്രമേ ഉണ്ടാവുകയുള്ളു. സാമ്പത്തികരംഗത്താണ് ഈ വസ്തുത ഏററവും പ്രകടമായി കാണുന്നത്. ഗോർബച്ചേവിനു ചുററുമുള്ള ധനശാസ്ത്രജ്ഞർ സ്വതന്ത്ര വിപണിയെ കൂടുതൽകൂടുതൽ അനുകൂലിക്കുന്നവരാണ്. സോവിയററ് സമ്പദ്‌വ്യവസ്ഥയുടെ ദൗർബല്യത്തിനു കാരണം കേന്ദ്ര ആസൂത്രണവും ആജ്ഞാ പനസമ്പ്രദായവും (കമാൻഡ് സിസ്റ്റം) ആണെന്ന് അംഗീകരിക്കപ്പെട്ടിരി ക്കുന്നു. മൂലധനനിക്ഷേപം, തൊഴിൽ, വില എന്നിവയുടെ രംഗത്തു പൂർണ മായ വികേന്ദ്രീകരണം ആവശ്യമാണെന്നതിൽ അവിടെ ആർക്കും ഇപ്പോഠ എതിർപ്പില്ല. വ്യവസായസ്ഥാപനങ്ങളുടെ സ്വയംഭരണം, കൃഷിയിലും വ്യവ സായങ്ങളിലും സഹകരണം എന്നിവയ്ക്കുശേഷം 1988-ൽ കർഷകകുടുംബങ്ങഠക്കു ഭൂമി പാട്ടത്തിനു നൽകുന്ന ഏർപ്പാടും നിലവിൽവന്നിരിക്കുന്നു. സമ്പദ്‌വ്യവ സ്ഥിതിയെ വിപണിസാത്കരിക്കുന്നതിൻെറ (മാർക്കററൈസേഷൻ) അനന്തര ഫലങ്ങഠ എന്തെന്നും ഗോർബച്ചേവിനും കൂട്ടുകാർക്കും നല്ലപോലെ അറിയാം. എങ്കിലും സാമ്പത്തിക പരിഷ്കരണങ്ങഠക്ക് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഭയമാണു താങ്ങുവിലപോലെയുള്ള സോഷ്യലിസ്റ്റ് സമ്പ്രദായങ്ങഠ കൈവിടുന്നതിൽനിന്ന് അവരെ തടയുന്നത്.

സോവിയററ് ഭരണഘടനയിലും നിയമവ്യവസ്ഥയിലും പാർട്ടിനിയമങ്ങ ളിലും ഇപ്പോഠ നിർദേശിക്കപ്പെട്ടിട്ടുള്ള മാററങ്ങഠ ഒരു ഉദാര—ജനാധിപത്യ—ഭര ണകൂടത്തിൻെറ സ്ഥാപനത്തിനു പര്യാപ്തങ്ങളല്ല. ജനാധിപത്യത്തെപ്പററി സംസാരിക്കുമ്പോഠ ഗോർബച്ചേവ് മുഖ്യമായും ഉദ്ദേശിക്കുന്നത് കമ്യൂണിസ്റ്റ് പാർട്ടിക്കകത്തുള്ള ജനാധിപത്യത്തെപ്പററിയാണ്. പാർട്ടിയുടെ ഏകാധിപത്യാ ധികാരം അവസാനിപ്പിക്കാനുള്ള ശ്രമമൊന്നും സോവിയററ് യൂനിയനിൽ

ആരംഭിച്ചിട്ടില്ല. എന്നാലും സ്വന്തം കാര്യങ്ങൾ നോക്കാനുള്ള പ്രമതല ജനങ്ങൾക്കുതന്നെയായിരിക്കണമെന്നും ഉയർന്ന തലത്തിലുള്ള രാഷ്ട്രീയ സംഘടനകൾക്ക് ഉത്തരവാദിത്തം താഴ്ന്ന തലത്തിലുള്ള സംഘടനകളോടായിരിക്കണമെന്നും, അനിയന്ത്രിതമായ പോലീസ് വാഴ്ച അവസാനിപ്പിച്ചു നിയമഭരണം നിലവിൽ വരുത്തണമെന്നും നീതിന്യായവ്യവസ്ഥ സ്വതന്ത്രമായിരിക്കണമെന്നും, സ്വകാര്യസ്വത്തിനു നിയമസംരക്ഷണം നൽകണമെന്നും പൊതുകാര്യങ്ങൾ പരസ്യമായി ചർച്ചചെയ്യണമെന്നും ഭൂരിപക്ഷാഭിപ്രായത്തോടു വിയോജിക്കാൻ ന്യൂനപക്ഷത്തിന് അവകാശമുണ്ടെന്നും എല്ലാ ജനങ്ങൾക്കും ഭരണത്തിൽ നേരിട്ടു പങ്കെടുക്കാൻ കഴിയുമാറു സോവിയററുകൾക്ക് (പഞ്ചായത്തുകൾക്ക്) അധികാരം നൽകണമെന്നും സഹിഷ്ണുതയും ബഹുസ്വാത്മകതയും (പ്ളൂറലിസം) ഉള്ള ഒരു രാഷ്ട്രീയ സംസ്കാരം നിലവിൽ വരുത്തണമെന്നും മററുമുള്ള പരിഷ്കരണവാദത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പാരമ്പര്യത്തിനു തികച്ചും എതിരാണ്. ലെനിനിസം പുനഃസ്ഥാപിക്കുകയാണു തന്റെ ലക്ഷ്യമെന്ന ഗോർബച്ചേവിന്റെ വാദത്തിൽ കഴമ്പൊന്നുമില്ല. ഇപ്രകാരം നിർദേശിക്കപ്പെട്ട സാമ്പത്തിക പരിഷ്കാരങ്ങൾ പൂർണമായി നടപ്പിൽ വരുത്തിക്കഴിഞ്ഞാൽ സോവിയററ് സമ്പദ്‌വ്യവസ്ഥിതി പല ജനാധിപത്യരാജ്യങ്ങളിലും നിലവിലുള്ള മിശ്ര സമ്പദ്‌വ്യവസ്ഥിതിയിൽനിന്നു വളരെയൊന്നും വ്യത്യസ്തമായിരിക്കയില്ല. യാഥാസ്ഥിതികർ ഗോർബച്ചേവിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ വിജയിച്ചാൽത്തന്നെ, മാർക്സിസം–ലെനിനിസമെന്ന ആശയസംഹിത സോവിയററ് യൂനിയനിൽ പുനഃസ്ഥാപിക്കപ്പെടുമെന്നു കരുതിക്കൂടാ.

ഉദാരവാദത്തിനു ബദൽ എന്ന നില ഫാഷിസത്തിനെന്നപോലെ കമ്യൂണിസത്തിനും നഷ്ടപ്പെട്ടിരിക്കുന്നു. മറെറാരു ആശയസംഹിത അവയുടെ സ്ഥാനത്തു പ്രത്യക്ഷപ്പെട്ടിട്ടുമില്ല. ഉദാരവാദത്തിനകത്തുവെച്ചുതന്നെ പരിഹരിക്കാൻ കഴിയാത്തവയല്ല അതിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ.

അടുത്തകാലത്തു ശക്തിയാർജിച്ചിട്ടുള്ള ക്രിസ്ത്യൻ–ജൂത–മുസ്ലിം–മതമൗലികവാദങ്ങൾ ഉദാര–ഉപഭോഗ–സമൂഹങ്ങളുടെ ആഭ്യന്തരരിക്തതക്കെതിരായ പ്രതിഷേധമാണെന്നു പറയാം. പക്ഷേ, ഈ ആഭ്യന്തരരിക്തത രാഷ്ട്രതന്ത്രത്തിലൂടെ പരിഹരിക്കാവുന്നതല്ല. സമാധാനത്തിനും സ്ഥിരതയ്ക്കും ഉറച്ചുനില്ക്കാൻ കഴിയാതിരുന്ന മത സമൂഹങ്ങളുടെ ദൗർബല്യത്തിനെതിരെ രൂപംകൊണ്ടതാണ് ഉദാരവാദം. ആധുനികലോകത്തിൽ ഉദാരവാദത്തിനും കമ്യൂണിസത്തിനും ബദൽ എന്ന നിലയിൽ ഒരു മതാധിഷ്ഠിതരാഷ്ട്രവാദത്തെ ഉന്നയിച്ചിട്ടുള്ളത് ഇസ്ലാം മാത്രമാണ്. എന്നാൽ, മുസ്ലിം മതാധിഷ്ഠിതരാഷ്ട്രവാദത്തിനു സാർവലൗകിക പ്രാധാന്യം കൈവരുമെന്നു കരുതാൻ ആവില്ല. ഉദാര–രാഷ്ട്രത്തിനകത്തു വ്യക്തിജീവിതത്തിൽ മാത്രമേ മതമൗലികവാദത്തിന് എന്തെങ്കിലും പ്രസക്തി ഉണ്ടായിരിക്കുകയുള്ളൂ.

ദേശീയത, വർഗവാദം, വർണവിവേചനം മുതലായവ ഉദാരവാദ–രാഷ്ട്രങ്ങളുടെ സമാധാനം ഭഞ്ജിച്ചുകൂടായ്കയില്ല. ഉദാരവാദം വേണ്ടത്ര പൂർണമാകാത്തതാണ് ഇവയുടെ ആവിർഭാവത്തിനു കാരണം; ഉദാരവാദത്തിനകത്തുതന്നെ ഇവ ഉയർത്തുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയുംചെയ്യാം. ഏതായാലും ഇവയൊന്നും ഉദാരവാദത്തിനു ബദലായ ആശയസംഹിതകൾ അല്ല.

ഇതിനർഥം, ഒരു രാഷ്ട്രീയ–സാമ്പത്തിക–ആശയസംഹിത എന്ന നിലയിൽ ഉദാരവാദം പൂർണമായും വിജയിച്ചുകഴിഞ്ഞു എന്നും സാർവലൗകിക–ഏകരൂപ–ഭരണകൂടത്തിന്റെ സാദ്ധ്യത തെളിഞ്ഞുകഴിഞ്ഞു എന്നുമാണ്. പരിണാമത്തിന്റെ കഥയാണു ചരിത്രമെങ്കിൽ, പരിണാമം നിലച്ചതോടെ ചരിത്രവും അവസാനിച്ചു എന്നു പറയേണ്ടതല്ലേ?

ഇതൊന്നും മൂന്നാംചേരിയിലെ ദരിദ്രരാജ്യങ്ങൾക്കു ബാധകമല്ല. അവ

യിൽ വൻതോതിലുള്ള പരിണാമങ്ങൾ ഇനിയും സംഭവിക്കും; ചരിത്രം അവയിൽ തുടർന്നും നിലനിൽക്കുകയുംചെയ്യും.

ആശയസംഹിതകൾ തമ്മിലുള്ള സംഘട്ടനം ഒഴിവായാലും രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ ഒഴിവായിക്കൊള്ളണമെന്നില്ല. ആശയസംഹിതകൾക്കിടയിൽ, ദേശീയതാല്പര്യങ്ങളാണ് അന്താരാഷ്ട്രീയബന്ധങ്ങളെ നിയന്ത്രിക്കുന്നത്. ആക്രമണവും സുരക്ഷാരാഹിത്യവും മനുഷ്യവർഗത്തിൽ എന്നുമുണ്ടായിരിക്കണമെന്ന വിശ്വസിക്കുന്നവർ കുറവല്ല.

എങ്കിലും പഴയ കാലത്തേതുപോലുള്ള ആയുധപ്പന്തയങ്ങളും പരസ്പരം ഭീഷണിപ്പെടുത്തലുകളും വികസിതരാഷ്ട്രങ്ങൾക്കിടയിൽ ഇനി ഉണ്ടാകാൻ സാദ്ധ്യതയില്ല. സാമ്പത്തികരംഗത്തിൽ യൂറോപ്യൻ രാഷ്ട്രങ്ങൾ പൊതുവിപണി സമ്പ്രദായം (കോമൺ മാർക്കററ്) ഏർപ്പെടുത്തിവരികയാണല്ലോ. രാഷ്ട്രീയരംഗത്തും ഒരുതരം 'പൊതുവിപണി' ഏർപ്പെടുത്തപ്പെട്ടുകൂടായ്കയില്ല. മത്സരവും സഹകരണവും രാഷ്ട്രീയരംഗത്തിൽനിന്നു സാമ്പത്തികരംഗത്തിലേക്കു മാറുക എന്നതാവും ഇതിന്റെ ഫലം.

'രണ്ടു വിരുദ്ധ വ്യവസ്ഥിതികൾ തമ്മിലുള്ള സംഘർഷമല്ല ഇന്നത്തെ കാലഘട്ടത്തിന്റെ നിർണായകസവിശേഷത. ഏററവും പുരോഗമിച്ച ശാസ്ത്രവും സാങ്കേതികവിദ്യയും ഉപയോഗിച്ച് അനുദിനം ത്വരണം ഏറിവരുമാറു ഭൗതികസമ്പത്തു നിർമിക്കാനും ഈ സമ്പത്തു നീതിയുക്തമായി വിതരണംചെയ്യാനും മനുഷ്യവർഗത്തിന്റെ അതിജീവനത്തിന് ആവശ്യമായ വിഭവങ്ങൾ സംയുക്തപ്രയത്നങ്ങളിലൂടെ പുനഃസ്ഥാപിക്കാനും സംരക്ഷിക്കാനും ഉള്ള കഴിവിനാണ് ആധുനിക കാലഘട്ടത്തിൽ നിർണായകമായ പ്രാധാന്യം' എന്നു സോവിയററ് വിദേശകാര്യമന്ത്രി ഷെവർനദ്സെ 1988—ന്റെ മദ്ധ്യത്തിൽ പ്രസ്താവിച്ചതു് ഇവിടെ ഉദ്ധരിക്കാവുന്നതാണ്. ഏതായാലും സോവിയററ് യൂനിയൻ ഇന്നൊരു വഴിത്തിരിവിലത്രെ. ആ രാഷ്ട്രം ഏതു വഴിക്കു പോകുന്നു എന്നതു് മനുഷ്യവർഗത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം സുപ്രധാനമായിരിക്കും.

ആദ്യം ചൈനയിൽനിന്നും പിന്നീട് സോവിയററ് യൂനിയനിൽനിന്നുമുള്ള മാർക്സിസത്തിന്റെ നിഷ്ക്രമണം ലോകചരിത്രത്തിൽ പ്രാധാന്യമുള്ള ഒരു ആശയസംഹിത എന്ന നിലയിൽ അതിന്റെ മരണത്തെ കുറിക്കുമെന്ന് ഫുക്കുയാമ പറയുന്നു. അവിടെയും ഇവിടെയുമായി ഏതാനും മാർക്സിസ്റ്റ് ഗ്രൂപ്പുകൾ പിന്നെയും അവശേഷിച്ചേക്കാം. എങ്കിലും വലിയ ഒരു രാഷ്ട്രത്തിലും സ്ഥാനമില്ലെന്നു വരുമ്പോൾ, ലോകചരിത്രത്തിലെ മുന്നണി സിദ്ധാന്തമെന്ന അവകാശവാദം മാർക്സിസത്തിനു നഷ്ടപ്പെടും. അതോടെ അന്താരാഷ്ട്രീയബന്ധങ്ങളിൽ പൊതു വിപണിസാൽകരണം (കോമൺ മാർക്കററൈസേഷൻ) നിലവിൽ വരും; രാഷ്ട്രങ്ങൾ തമ്മിൽ വൻതോതിലുള്ള ഏററുമുട്ടലുകൾ ഇല്ലാതാവുകയും ചെയ്യും. എങ്കിലും ചരിത്രം അപ്പോഴും അവസാനിച്ചിട്ടില്ലാത്ത ദരിദ്രരാഷ്ട്രങ്ങളും, ചരിത്രം അവസാനിച്ച വികസിതരാഷ്ട്രങ്ങളും തമ്മിൽ പിന്നെയും സംഘർഷങ്ങളുണ്ടാകാം; പാലസ്റ്റൈനിലും, ഇന്ത്യയിലെ സിഖുകാർക്കിടയിലും ശ്രീലങ്കയിലെ തമിഴർക്കിടയിലുമെന്നപോലെ, പല ജനവിഭാഗങ്ങൾക്കിടയിലും അസംതൃപ്തി നീറിപ്പുകഞ്ഞു നിലനിന്നുവെന്നുവരാം. ഉഗ്രവാദങ്ങളും ദേശീയവിമോചനസമരങ്ങളും പിന്നെയും തുടരാം. പക്ഷേ, ലോകയുദ്ധഭീഷണി എന്നെന്നേക്കുമായി ഒഴിവാകും.

'ചരിത്രം അവസാനിച്ചതിനു ശേഷമുള്ള കാലഘട്ടം വിഷാദപൂർണമായിരിക്കും. അംഗീകാരത്തിനുവേണ്ടിയുള്ള സംഘർഷവും അമൂർത്തങ്ങളായ ആദർശലക്ഷ്യങ്ങൾക്കുവേണ്ടി ജീവൻ അപകടപ്പെടുത്താനുള്ള സന്നദ്ധതയും സാഹസം, ധൈര്യം, ഭാവന, ആദർശാത്മകത എന്നിവ പ്രകടിപ്പിക്കാൻ അവസരം നല്കിപ്പോന്ന ലോകവ്യാപകമായ ആശയവാദസമരവും അവസാനിക്കും. ഇവയുടെ സ്ഥാനത്തു സാമ്പത്തികമായ കണക്കുകൂട്ടൽ, സാങ്കേതികപ്രശ്നങ്ങൾ അവസാനമില്ലാതെ പരിഹരിച്ചുകൊണ്ടിരിക്കൽ, പരിഷ്കൃത ഉപഭോഗവസ്തുക്കൾക്കുള്ള

ആവശ്യം തൃപ്തിപ്പെടുത്തൽ എന്നിവ നിലവിൽവരും. ചരിത്രാനന്തരകാലഘട്ടത്തിൽ കലയോ ദർശനമോ ഉണ്ടാവില്ല; ഉണ്ടാവുക മനുഷ്യചരിത്രമെന്ന മ്യൂസിയത്തിന്റെ നിത്യസംരക്ഷണം മാത്രമായിരിക്കും' എന്ന് ഫുക്കുയാമ തന്റെ പ്രബന്ധം ഉപസംഹരിക്കുന്നു.

ഫുക്കുയാമയോടു പൂർണമായി യോജിക്കുന്നവർ കുറവായിരിക്കും. പാശ്ചാത്യമായ ഉദാര-ധനശാസ്ത്രവും ഉദാര-രാഷ്ട്രവാദവും പാര്യന്തികവിജയം നേടിക്കഴിഞ്ഞുവെന്നോ ഒരു ആശയസംഹിതയെന്നനിലയിൽ മാർക്സിസം മരിച്ചിരിക്കുന്നുവെന്നോ സാർവലൗകികവും ഏകരൂപവും ആയ ഒരു ഭരണവ്യവസ്ഥ എന്നെന്നേക്കുമായി നിലവിൽ വന്നുവെന്നോ ചരിത്രം അവസാനിച്ചുവെന്നോ വിശ്വസിക്കുക അത്രയൊന്നും എളുപ്പമല്ലല്ലോ. എങ്കിലും, സമകാലരാഷ്ട്രീയചിന്തയ്ക്കു ഗതാനുഗതികമല്ലാത്ത ഒരു സംഭാവനയെന്നനിലയിൽ ഫുക്കുയാമയുടെ പ്രബന്ധം ശ്രദ്ധയർഹിക്കുന്നുണ്ട്.

18 സെപ്തംബർ, 1989